അറിയിപ്പ്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് അംഗങ്ങളോട് ഒരു പ്രത്യേക അഭ്യർത്ഥന നൽകാനുണ്ട്. ഇന്ന് സഭ ഉച്ചകഴിഞ്ഞും സമ്മേളിക്കുന്നുണ്ട്. ആരോഗ്യം സംബന്ധിച്ച ധനാഭ്യർത്ഥനയാണ് സഭ ഇന്ന് പരിഗണിക്കുന്നത്. അതിനുശേഷം രണ്ട് പ്രധാനപ്പെട്ട ബില്ലുകൾകൂടി പരിഗണിക്കേണ്ടതുണ്ട്. റൂൾ 50 മുതൽതന്നെ സമയക്രമത്തിൽ ഒരു ധാരണയുണ്ടാക്കിയില്ലെങ്കിൽ ഇന്ന് അഞ്ചരമണിക്കെങ്കിലും ഇത് അവസാനിപ്പിക്കാൻ കഴിയില്ല. സമയനിഷ്ഠയെ സംബന്ധിച്ച് സഭയിൽ ഓർമ്മപ്പെടുത്തുമ്പോൾ അസ്വസ്ഥത പ്രകടിപ്പിക്കുകയും വ്യക്തിപരമായ സംഭാഷണങ്ങളിൽ അത് വേണമെന്ന് ആവശ്യപ്പെടുകയും ചെയ്യുന്ന രീതിയാണ് പൊതുവെ എല്ലാവരും സ്വീകരിക്കുന്നത്. അതുകൊണ്ട് സമയനിഷ്ഠയെക്കുറിച്ച് ഞാൻ ചെറിയൊരു ക്രമീകരണം പറയാം. ആ ക്രമീകരണം ഇന്നേദിവസം അംഗീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അടിയന്തരപ്രമേയത്തിന്റെ എല്ലാ പ്രൊസീഡിംഗ്സും 40 മിനിട്ടുകൊണ്ട് അവസാനിപ്പിക്കണം. അടിയന്തരപ്രമേയത്തിന്റെ അവതരണവും മറുപടിയുമുൾപ്പെടെ 10.10-നുള്ളിൽ തീർക്കാൻ കഴിഞ്ഞാൽ അത് നന്നായിരിക്കും. ശ്രദ്ധക്ഷണിക്കൽ മൂന്ന് മിനിട്ടുകൊണ്ട് അവതരിപ്പിക്കുക, രണ്ട് മിനിട്ടുകൊണ്ട് ഉത്തരം പറയുക. അത്

നേരത്തെ ആലോചിച്ച് തീരുമാനിച്ചതാണ്. ശ്രദ്ധക്ഷണിക്കൽ 10.25-ന് അവസാനിപ്പിക്കാൻ കഴിയണം. ഇന്നത്തെ ദിവസം സബ്മിഷൻ അവതരിപ്പിക്കുകയും ഉത്തരങ്ങൾ മന്ത്രിമാർ മേശപ്പുറത്ത് വയ്ക്കുകയും ചെയ്ത് സഹകരിക്കണമെന്നാണ് ബി.എ.സി. ആലോചിച്ചത്. ഇന്നത്തെ ദിവസം അങ്ങനെയൊരു സമീപനമുണ്ടായാൽ മാത്രമേ ഇത് നടത്തിക്കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. പിന്നെ മൂന്നുമണിക്കൂറത്തെ ചർച്ച രണ്ടുമണിയോടുകൂടി അവസാനിപ്പിക്കണം. ഉച്ചയ്ക്കുശേഷം പത്തുപേർ രണ്ട് ബില്ലുകളിലായി ചർച്ച ചെയ്യാനുണ്ട്. പത്തുപേർ ചർച്ച ചെയ്യുന്ന സമയത്ത്, ബില്ലാണ് നിയന്ത്രിക്കാൻ പാടില്ലായെന്നുണ്ടെങ്കിലും എട്ട് മിനിട്ട് വീതമെടുത്ത് സംസാരിച്ച് സഹായിച്ചാൽ അഞ്ചര മണിയോടുകൂടി സഭാനടപടികൾ അവസാനിപ്പിക്കാൻ സാധിക്കും. അംഗങ്ങൾക്കും മാധ്യമപ്രവർത്തകർക്കും ഇവിടെ ഉച്ചഭക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്നേ ദിവസം ഇതിനോട് സഹകരിച്ചിട്ടില്ലെങ്കിൽ സഭ അനന്തമായി നീണ്ടുപോകുന്ന സാഹചര്യമുണ്ടാകുമെന്ന് ഓർമ്മപ്പെടുത്തുകയാണ്.